(4) Workers should be allowed the benefits according to the National and Festival Holidays Act.

(5) Saturdays should be observed as wage days.

(6) Workers employed in branches and under the contractors for manufacturing beedies to a particular company should be recognised as workers of the Company.

(7) The implements for the work should be supplied by the employers.

(c) The efforts of the District Labour Officer, Cannanore and Deputy Labour Commissioner Calicut having failed the Labour Commissioner arranged a conference of the parties at the Collectorate, Calicut on 28-1-1964 at which an amicable settlement was effected in respect of the dispute relating to more than 85% of the workers.

(d) about 400 workers are still on strike. Efforts are being made to find an amicable settlement in respect of those establishments which have not conceded the demands of the workers.

UNSTARRED QUESTIONS POSTED FOR ANSWER ON 18-2-1964

ബണ്ടുകളുടെ പണികൾ

232. [1] ശ്രീ. റ്റി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽപ്പെട്ട വെട്ടുവേലി, കോണത്തു് ബണ്ടുകളുടെ പണികൾ എത്ര വർഷമായി മുടക്കിക്കിടക്കുന്നു ;

(ബി) എന്താണു് പണി നടക്കാതിരിക്കാൻ കാരണം ;

(സി) ഇതിന്റെ പണി തങ്ങൾക്കു നടത്താൻ സാധ്യമല്ലെന്നു് കൺട്രാക്ടർമാർ ഗവണ്മെന്റിനെ അറിയിച്ചിട്ടു് എത്ര കാലമായി ;

(ഡി) അവരുടെ ടെൻഡറുകൾ റദ്ദാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നു് ; ആ തീരുമാനം നടപ്പാക്കാൻ കാലതാമസം വന്നതെന്തുകൊണ്ടാണു് ;

(ഈ) ഈ പണികൾ 1964-65 സാമ്പത്തികവർഷത്തിൽ പുനരാരംഭിക്കുമോ ?

ഉത്തരം

(എ) വെട്ടുവേലി ബണ്ടിന്റെ പണി ഉദ്ദേശം രണ്ടു വർഷങ്ങളായും കോണത്തു ബണ്ടിന്റെ പണി ഒന്നരക്കൊല്ലമായും മുടങ്ങിയിരിക്കുകയാണു്.

(ബി) വെട്ടുവേലി ബണ്ടിന്റെ പുതിയ ഡിസൈൻ അനുസരിച്ചു വന്നിട്ടുള്ള കൂടുതൽ പണികൾക്കു് കൺട്രാക്ടർ കൂടുതൽ റേറ്റു് ആവശ്യപ്പെട്ടതുകൊണ്ടും കോണത്തു ബണ്ടിന്റെ പണിക്കാവശ്യമായ സ്ഥലം അക്വയർ ചെയ്തുകിട്ടാനുള്ള താമസം മൂലവുമാണു് പണി തുടരുവാൻ കഴിയാതെ വന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വെട്ടുവേലി ബണ്ടിന്റെ ഡിസൈൻ മാറേണ്ടിവന്നതുകൊണ്ടുണ്ടായ കൂടുതൽ പണികൾക്കു് കൺട്രാക്ടർ ആവശ്യപ്പെട്ട റേറുകൾ ഗവണ്മെന്റിനു് സ്വീകാര്യമല്ലാത്തതുകൊണ്ടു് നിറുത്തിവയ്പ്പിക്കാൻ കൺട്രാക്ടരോടു് ആവശ്യപ്പെടുകയാണുണ്ടായതു്. കോണത്തു ബണ്ടിന്റെ കാര്യത്തിൽ പണി തുടർന്നു നടത്താൻ സാദ്ധ്യമല്ലെന്നുള്ള കൺട്രാക്ടരുടെ ഹർജി ലഭിച്ചിട്ടു് ഏകദേശം പതിനൊന്നു മാസത്തോളമായി. അതു പരിഗണനയിലിരിക്കുകയാണു്.

(ഡി) വെട്ടുവേലി ചിറയുടെ ജോലി ചെയ്തുകൊണ്ടിരുന്ന കൺട്രാക്ടരുടെ കോൺട്രാക്ടു് അവസാനിപ്പിക്കുന്നതിനു് 18-6-63-ൽ ഉത്തരവായിട്ടുണ്ടു്. എന്നാൽ അതിന്റെ വിശദാംശങ്ങളെപ്പറ്റി ചീഫ് എൻജിനീയർ ചില സംശയങ്ങൾ ഉന്നയിച്ചതു് പരിഗണിച്ചുവരികയാണു്. കോണത്തു ബണ്ടിന്റെ കൺട്രാക്ടരുടെ ടെൻഡർ റദ്ദു് ചെയ്യുന്നതിനുള്ള ചീഫ് എൻജിനീയറുടെ റിപ്പോർട്ടു് ഗവണ്മെന്റു പരിഗണിച്ചുവരികയാണു്.

(ഈ) 1964-65-ൽ പണി പുനരാരംഭിക്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

പാലം പണി

* 233. [2] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ആലപ്പുഴ-ചേർത്തല തോട്ടിൽ (എ. എസ്. കനാൽ) പാതിരപ്പള്ളിയിൽ ഒരു പാലം പണിയണമെന്നു ജില്ലാ വികസന കൗൺസിൽ ആദ്യമായി തീരുമാനമെടുത്തതു് ഏതു വർഷത്തിലാണു് ;

(ബി) പ്രസ്തുത പാലത്തിന്റെ പണി ഇതുവരെ ആരംഭിക്കാതിരിക്കാൻ കാരണം എന്താണു് ;

(സി) പണി എന്നു ആരംഭിക്കുമെന്നു വ്യക്തമാക്കുമോ ?

ഉത്തരം.

(എ) 1960-ൽ.

(ബി, സി) ഈ വർക്കു് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടും ധനദൗർലഭ്യം കാരണവും ഇപ്പോൾ നടത്താൻ നിവൃത്തിയില്ല. എപ്പോൾ നടത്താൻ സാധിക്കുമെന്നു പറയാൻ നിവൃത്തിയില്ല.

പാലം പണി

234. [3] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ഏതെങ്കിലും പുതിയ പാലമോ, പുതിയ റോഡോ ഡിപ്പാർട്ടുമെന്റിൽനിന്നും പണിയിക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്തു് ;

(ഡി) അത്തുങ്കൽ—ചെടികുഴി റോഡിൽ തെക്കുഭാഗത്തിൽ പാലം പണിയുന്നതിനു് ജില്ലാ വികസനസമിതി തീരുമാനിച്ചിട്ടുണ്ടോ ;

(ഈ) എങ്കിൽ പ്രസ്തുത പാലത്തിന്റെ പണി തുടങ്ങാത്തതെന്തുകൊണ്ടാണു് ;

LIBRARY ARCHIVES Kerala Legislative Assembly